(ബി) ഇതിൽ കൊലപാതകം, രാഷ്ട്രീയ കൊലപാതകം, കവർച്ച, സ്ത്രീ പീഡനം, ബലാത്സംഗം, കൊള്ളയടിക്കൽ, കുട്ടികളെ പീഡിപ്പിക്കൽ, ആരാധനാലയ കവർച്ചകൾ, മോഷണങ്ങൾ, കവർച്ചയ്ക്കിടെയുള്ള കൊലപാതകം, ആത്മഹത്യ എന്നീ ഓരോ വിഭാഗത്തിലും എത്ര വീതം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2694854 എണ്ണം.

(ബി)

കൊലപാതകം	-	1561
രാഷ്ട്രീയ കൊലപാതകം	-	31
കവർച്ച	-	3849
സ്ത്രീ പീഡനം	-	59309
ബലാത്സംഗം	-	5512
കൊള്ളയടിക്കൽ	-	13374
കുട്ടികളെ പീഡിപ്പിക്കൽ	-	8107
ആരാധനാലയ കവർച്ച	-	1067
മോഷണങ്ങൾ	-	18680
കവർച്ചയ്ക്കിടെയുള്ള കൊലപാതകം	-	100
ആത്മഹത്യ	-	38268

ശബരിമലയിൽ ഭണ്ഡാര പണം മോഷണം

230 (3742) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ഭണ്ഡാര പണം മോഷണം നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിന് മുമ്പ് പ്രസ്തുത വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാകുമോ ;

(സി) അടുത്തിടെ നടന്ന മോഷണം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ഈ സർക്കാരിന്റെ കാലത്ത് 30-12-2014 മുതൽ 14-1-2015 വരെയുള്ള കാലയളവിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ശബരിമല ദേവസ്വം ഭണ്ഡാരത്തിൽ നിന്നുമുള്ള പണാപഹരണം സംബന്ധിച്ച് സന്നിധാനം പോലീസ് സ്റ്റേഷനിൽ 16-1-2015 തീയതിയിൽ ക്രൈം നമ്പർ 08/15 U/s. 381, 34 IPC നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും ഇതുമായി ബന്ധപ്പെട്ട ജോലി നോക്കിവന്നിരുന്ന ആറ് ദേവസ്വം ജീവനക്കാർക്കെതിരെ അന്വേഷണം നടത്തുകയും മോഷണ മുതൽ കണ്ടെടുത്ത് പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും ചെയ്തിരുന്നു. ടി കേസ് പിന്നീട് ക്രൈംബ്രാഞ്ചിന് കൈമാറുകയും എന്നാൽ പ്രസ്തുത കേസിന്മേൽ വിജിലൻസ് അന്വേഷണമാണ് ഉചിതമെന്ന ക്രൈം എ.ഡി.ജി.പി. യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേസന്വേഷണം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കൈമാറുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ടി സംഭവത്തിനുമുമ്പ് ഈ സർക്കാരിന്റെ കാലത്ത് മോഷണം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പോലീസുകാർ പ്രതികളായ കേസുകൾ

231 (3743) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പോലീസുകാർ പ്രതികളായ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; ഇവയിൽ സ്ത്രീ പീഡന കേസുകളും ബലാത്സംഗ കേസുകളും ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവ ഓരോന്നും എത്രവീതം; വ്യക്തമാക്കുമോ;

(ബി) ഇതിൽ പ്രതികളായ എത്ര പോലീസുകാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇവരിൽ പിരിച്ച് വിടപ്പെട്ടവരെത്ര; സസ്പെൻഷന് വിധേയരായവരെത്ര; സ്ഥലം മാറ്റപ്പെട്ടവരെത്ര; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പോലീസുകാർ പ്രതികളായ 822 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഇവയിൽ 133 സ്ത്രീ പീഡന കേസുകളും 16 ബലാത്സംഗ കേസുകളും ഉൾപ്പെട്ടിട്ടുണ്ട്.